## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.562 29.05.2019-ൽ മറുപടിയ്ക്ക്

### കാരുണ്യ ഫണ്ടിൽ നിന്നും ശസ്ത്രക്രിയാ ധനസഹായം

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ശസ്ത്രക്രിയയ്ക്കാവശ്യമായ ചികിത്സാധനസഹായം ലഭിക്കുന്നതിന് ശസ്ത്രക്രിയ നടത്തുന്നതിന് മുമ്പായി അപേക്ഷ സമർപ്പിക്കണം എന്ന നിബന്ധനയുണ്ടോ; | (എ) | കാരുണ്യ ബനവലൻറ് ഫണ്ട് പദ്ധതി പ്രകാരമുള്ള ചികിത്സാ സഹായത്തിന് ചികിത്സ ആരംഭിക്കുന്നതിനു മുമ്പ് അപേക്ഷ സമർപ്പിക്കണമെന്നാണ് വ്യവസ്ഥ. സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് ചികിത്സ തുടങ്ങുന്നതിനുമുമ്പ് അപേക്ഷ സമർപ്പിച്ച് മുൻകൂർ ചികിത്സാനുമതിപത്രം വാങ്ങണമെന്ന നിബന്ധനയുണ്ട്. അടിയന്തിര സാഹചര്യത്തിൽ സർക്കാർ ആശുപത്രികളിൽ ശസ്ത്രക്രിയ നടത്താവുന്നതും 72 മണിക്കൂറിനുള്ളിൽ അപേക്ഷ നൽകാവുന്നതുമാണ്. |
| (ബി) | ഈ നിബന്ധന കാരണം ഹൃദയാഘാതം അടക്കമുള്ള അടിയന്തര ഘട്ടങ്ങളിൽ സർജറി നടത്തേണ്ടിവരുന്ന രോഗങ്ങൾക്ക് കാരുണ്യ പദ്ധതിയുടെ സഹായം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലായതോടെ ഈ ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള പാക്കേജുകൾക്കും നിശ്ചിത ആശുപത്രികളിൽ ചികിത്സ ലഭ്യമാക്കുന്നതിന് തടസ്സവുമാകില്ല. |

| | | | |
|---|---|---|---|
| (സി) | അടിയന്തര ശസ്ത്രക്രിയകൾ ചെയ്യേണ്ടിവരുന്ന രോഗികൾക്ക് കൂടി കാരുണ്യ പദ്ധതിയുടെ സഹായം ലഭിക്കുന്നതിനായി നിബന്ധനയിൽ ഇളവ് വരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | | |

സെക്ഷൻ ഓഫീസർ